**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6234** **10-11-2021 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ-മണ്ണൂർ-ഇരിക്കൂർ റോഡിന്റെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ-മണ്ണൂർ-ഇരിക്കൂർ റോഡിന്റെ 0/300 മീറ്റർ വരെയുള്ള ഭാഗം ടാറിംഗ് നടത്തുന്നതിനും റോഡിന്റെ നായ്ക്കാലി പാലം പ്രദേശങ്ങളിൽ മണ്ണിടിഞ്ഞ് അപകടാവസ്ഥയിലായവ പുനർനിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (എ) | മട്ടന്നൂർ - ഇരിക്കൂർ റോഡ് (0/000 - 8/350 കി.മീ) പ്രവൃത്തിയുടെ കി.മീ 0/000 മുതൽ 0/300 വരെയുള്ള ഭാഗങ്ങളിൽ ടാറിംഗ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2019 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ 5/800 മുതൽ 6/600 വരെയുള്ള പുഴയോട് ചേർന്ന ഭാഗം ഇടിഞ്ഞു വീണു. തുടർന്ന് പുഴയിടിഞ്ഞ ഭാഗത്ത് ഗാബിയോൺ ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ചു. ഇടിഞ്ഞ ഭാഗങ്ങളിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തി, ഐ.ഐ.ടി യുടെ പഠന റിപ്പോർട്ട് പ്രകാരം ചെയ്യുവാനും നിർദ്ദേശിച്ചു. ആയതിന് 2-3 വർഷം കാലതാമസം ഉണ്ടാകാൻ സാധ്യത ഉള്ളതുകൊണ്ട് പുഴയിടിഞ്ഞ ഭാഗങ്ങളിൽ കരാറുകാരനെ കൊണ്ട് നിലവിൽ ഉള്ള വീതിയിൽ MSS ടാറിംഗ് ചെയ്യാൻ 05.10.2021-ൽ കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. ഡീറ്റൈൽഡ് ഡിസൈൻ തയ്യാറാക്കുന്നത് ഐ.ഐ.ടി പാലക്കാട് ആണ്. ഡിസൈൻ ലഭ്യമായി കഴിഞ്ഞാൽ പാക്കേജ് തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ